ഉത്തരം

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ് പാലം പുതുക്കിപ്പണിയുന്നതിന് മുന്നോടിയായുള്ള വിശദമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈൻ പൂർത്തിയായിക്കഴിഞ്ഞാൽ മാത്രമേ പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

## നടപ്പിലാക്കാൻ കഴിയാതിരുന്ന പദ്ധതികൾ

328 (1362) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷമുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിൽ മരാമത്ത് വകുപ്പിനുകീഴിൽ പ്രഖ്യാപിക്കപ്പെട്ട ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷമുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിൽ മരാമത്ത് വകുപ്പിനുകീഴിൽ പ്രഖ്യാപിക്കപ്പെട്ടതും നടപ്പിലാക്കാൻ കഴിയാതെവന്നതുൾപ്പെടെയുള്ള വിവിധ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ കെട്ടിട വിഭാഗം, ദേശീയപാത വിഭാഗം എന്നിവ തിരിച്ച് അനുബന്ധം 1-ഉം 2-ഉം ആയി ചേർത്തിരിക്കുന്നു. നിരത്ത് വിഭാഗവുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചു നൽകുന്നതാണ്.

## തുക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം റോഡു നിർമ്മാണം

329 (1363) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തുക്കടാരിപ്പൊയിൽ ഇടുമ്പ-കണ്ണവം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിലുള്ള കേസ്സ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സുപ്രീംകോടതി നിർദ്ദേശപ്രകാരം നിലവിലെ കരാറുകാരൻ ചെയ്ത തീർത്ത പ്രവൃത്തിയുടെ കണക്കെടുപ്പ് നടത്തുകയുണ്ടായോ ;

(സി) എങ്കിൽ ഗതാഗതയോഗ്യമല്ലാതായിരിക്കുന്ന പ്രസ്തുത റോഡിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്ക് അനുമതി നൽകുവാനും ഫണ്ട് ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly